കൃഷി ചെയ്യാത്ത കൃഷി സ്ഥലം

14 [*323] ശ്രീ. സി. കെ. നാണു :

,, കെ. പി. മോഹനൻ :

,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കൃഷിക്ക് ഉപയുക്തമായ എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലം ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ സ്ഥലങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ഏക്കർ സ്ഥലത്ത് കൃഷിചെയ്തു വരുന്നുവെന്ന് വ്യക്തമാക്കാമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) ഉണ്ട്.

(ബി) 2003-2004 വർഷത്തെ സ്ഥിതിവിവരക്കണക്ക് പ്രകാരം സംസ്ഥാനത്തെ കൃഷിക്ക് ഉപയുക്തമായതും, എന്നാൽ കൃഷി ചെയ്യപ്പെടാത്തതുമായ 1,10,199 ഹെക്ടർ സ്ഥലം ഉണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്.

(സി) 2005-2006 കാലയളവിലെ കരട് പദ്ധതിയിൽ "ഒരുലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക പരിപാടി" പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ 20,000 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി തരിശായിക്കിടക്കുന്ന 10,000 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുവാനുദ്ദേശിച്ചിട്ടുണ്ട്. ഒരു ഹെക്ടറിന് 5000 രൂപ നിരക്കിൽ 5 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. തരിശായി കിടക്കുന്ന 600 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി ആരംഭിക്കുവാൻ 2005-2006-ലെ വാർഷിക പദ്ധതിയിൽ 36 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കൃഷി ചെയ്യാൻ ആരംഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly